JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT

# നീതിവേദി



നീതി ഔദാര്യമല്ല...
അവകാശമാണ്...

## സ്റ്റാഫ് മീറ്റിംഗ്

2022 ജനുവരി 3 ന് നീതിവേദി ഓഫീസിൽ വെച്ച് സ്റ്റാഫ് മീറ്റിംഗും പുതുവത്സരാഘോഷവും നടത്തി. ഡൽഹിയിലേക്ക് സ്ഥലം മാറിപോകുന്ന കാക്കവയൽ കോൺവന്റ് സുപ്പീരിയർ സിസ്റ്റർ വന്ദനയ്ക്ക് യാത്രയയപ്പ് നൽകി.





## കൈകോർത്ത് ഒരുമയോടെ...





പടിഞ്ഞാറത്തറ

1.01.2022 ന് പടിഞ്ഞാറത്തറ പഞ്ചായത്തിൽ വെച്ച് നടന്ന മതസൗഹാർദ്ദ കൂട്ടായ്മയിൽ പീസ് കമ്മിറ്റി കൺവീനർ ശ്രീമതി പ്രേമലത എല്ലാവരെയും സ്വാഗതം ചെയ്തു. പീസ്കമ്മിറ്റി അംഗം ശ്രീമതി മേരിക്കുട്ടി അദ്ധ്യക്ഷത വഹിച്ചു. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഗിരിജ യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ ജെയിംസ് തോമസ് മതസൗഹാർദ്ദ കൂട്ടായ്മയെപറ്റി ക്ലാസ്സെടുത്തു വിവിധ മതങ്ങളുടെ പ്രതിനിധികൾ യോഗത്തിൽ സംസാരിച്ചു. ശ്രീമതി ബിന്ദു ബാബു എല്ലാവർക്കും നന്ദി പറഞ്ഞു. 22 അംഗങ്ങൾ പങ്കെടുത്തു.





കോട്ടത്തറ

6.1.2022 ന് കോട്ടത്തറ പഞ്ചായത്തിൽ വെച്ച് നടന്ന വിവിധ മതനേതാക്കളുടെ കൂട്ടായ്മയിൽ പീസ് കമ്മറ്റി ജോയിന്റ് കൺവീനർ ശ്രീമതി ബിജുമ്മ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. വൈസ് ചെയർമാൻ ശ്രീ മുഹമ്മദലി അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രജീഷ് ഉദ്ഘാടനം ചെയ്തു. 25 പ്രതിനിധികൾ പങ്കെടുത്തു.

## പീസ് കമ്മിറ്റി റിവ്യുമീറ്റിംഗ്



13.01.2022 ന് കണിയാമ്പറ്റ പഞ്ചായത്ത് ഹാളിൽ വെച്ച് നടന്ന പീസ്കമ്മിറ്റി റിവ്യൂമീറ്റിങ്ങിൽ പീസ് കമ്മിറ്റി കൺവീനർ ശ്രീ അബ്ദുൾ ലത്തീഫ് എല്ലാവർക്കും സ്വാഗതം പറഞ്ഞു. പീസ്കമ്മിറ്റി ചെയർമാൻ ശ്രീ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി വത്സാ ദേവസ്യ റിപ്പോർട്ട് അവതരിപ്പിച്ചു. കണിയാമ്പറ്റ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കമല രാമൻ ഉദ്ഘാടനം. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ് സമാധാനദിനത്തെക്കുറിച്ച് സംസാരിച്ചു. കോർകമ്മിറ്റി അംഗം ശ്രീമതി സവിത എല്ലാവർക്കും നന്ദി പറഞ്ഞു. 20 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.



13.01.2022 ന് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ വെച്ച് പീസ്കമ്മറ്റി റിവ്യൂമീറ്റിംഗ് നടന്നു. പീസ്കമ്മറ്റി കൺവീനർ ശ്രീമതി ആയിഷ ഫൈസൽ സ്വാഗതം ആശംസിച്ചു. ചെയർപേഴ്സൺ ശ്രീമതി റീന പൗലോസ് അദ്ധ്യക്ഷത വഹിച്ചു. സമാധാന ദിനാചരണത്തെക്കുറിച്ചും സോഷ്യൽ മീഡിയ ട്രെയിനിംഗിനെക്കുറിച്ചും ചർച്ച ചെയ്തു. 12 പേർ പങ്കെടുത്തു.

## ടെസ സ്പെഷ്യൽ സ്കൂൾ സന്ദർശനം



13.01.2022 ന് മാനന്തവാടി കുഴിനിലത്ത് താമസിക്കുന്ന ശ്രീമതി സോന ജോസുമായി അംഗവൈകല്യമുള്ള ആദിവാസി കുട്ടികൾക്ക് വേണ്ടിയുള്ള പ്രോജക്ടുമായി ബന്ധപ്പെട്ട പ്രാഥമിക ചർച്ച നടത്തി. അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, ശ്രീമതി ഫ്ളയ്സി ജോസ്, അഡ്വ. ജോമോൾ ജോയി, ശ്രീ അനീഷ് ബാബു എന്നിവർ പങ്കെടുത്തു.



## പ്ലാനിംഗ് യോഗം

2022 ജനുവരി 17 ന് നീതിവേദി ഓഫീസിൽ വെച്ച് സമാധാന ദിനാചരണം സംബന്ധിച്ച ജില്ലാതല പ്ലാനിംഗ് യോഗം നടത്തി. 12 പഞ്ചായത്തിലെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

# വിനോദയാത്ര

2022 ജനുവരി 6 ന് കമ്പളക്കാട് Awesome Blossom വനിതാ സൗഹൃദ കൂട്ടായ്മയിലെ അംഗങ്ങളും കുട്ടികളും തുഷാരഗിരി, പ്ലാനറ്റോറിയം, കോഴിക്കോട് ബീച്ച് എന്നിവിടങ്ങളിൽ വിനോദയാത്ര നടത്തി. 23 വനിതകളും 41 കുട്ടികളും യാത്രയിൽ പങ്കെടുത്തു.






08.01.2022 ന് എ.പി.ജെ. നഗറിൽ വെച്ച് Awesome Blossom വനിതാ സൗഹൃദ കൂട്ടായ്മയുടെ യോഗം ചേർന്നു. ശ്രീമതി താജുന്നീസ ജലീൽ യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. പ്രസിഡന്റ് ശ്രീമതി ഷാനിബ അദ്ധ്യക്ഷത വഹിച്ചു. വിനോദയാത്രയുടെ വരവു ചെലവ് കണക്ക് സെക്രട്ടറി ശ്രീമതി ജൂബിലി അനീഷ് അവതരിപ്പിച്ചു.





## യുവജന സൗഹൃദ ക്ലബ്ബ്

## വാർഷിക ജനറൽ ബോഡി





2022 ജനുവരി 15 ന് തേറ്റമല യൂത്ത് ക്ലബ് അംഗങ്ങളുടെ വാർഷിക ജനറൽ ബോഡി മീറ്റിംഗ് നടന്നു. പുതിയ ഭാരവാഹികളായി ജെയിംസ് ചുള്ളിപ്പറമ്പിൽ (പ്രസിഡന്റ്), ജോയി കൂറാനയിൽ (വൈസ് പ്രസിഡന്റ്), ഷാജു അബ്രാഹം (സെക്രട്ടറി), അനു മാത്യു (ജോയിന്റ് സെക്രട്ടറി), ജോയി ചാക്കോ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

# സൗഹൃദം വളർത്തി വിദ്യാർത്ഥികൾ





05.01.2022 ന് മാനന്തവാടി പ്രിയദർശിനി വികാസ്‌വാടിയിൽ സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് രൂപീകരിച്ചു. ടീച്ചർ ആതിര സ്വാഗതം ആശംസിച്ചു. ശ്രീമതി ലൈല ഉസ്മാൻ ക്ലബിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിച്ചു. രതീഷ്, മീന, ശിവൻ, നിമിത എന്നിവരെ യഥാക്രമം പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുത്തു. പഠനോപകരണങ്ങളും മാസ്ക്കുകളും വിതരണം ചെയ്തു. 30 കുട്ടികൾ പങ്കെടുത്തു.



10.01.2022 ന് മുട്ടിൽ പഞ്ചായത്ത് വാര്യാട്കുന്ന് അങ്കണവാടിയിൽ വെച്ച് നടന്ന ഹാർമണി ക്ലബ്ബിലെ കുട്ടികളുടെ യോഗത്തിൽ ശ്രീമതി ഡോളി ടീച്ചർ സ്വാഗതം പറഞ്ഞു. ശ്രീമതി വത്സാ ദേവസ്യ ക്ലാസ്സ് എടുത്തു. തുടർന്ന് കുട്ടികൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തു. സമാധാന ദിനാഘോഷത്തെപ്പറ്റി സംസാരിച്ചു. ക്ലബ്ബ് ലീഡർ മുഹമ്മദ് ഇഷാൻ എല്ലാവർക്കും നന്ദി പറഞ്ഞു. 36 കുട്ടികൾ യോഗത്തിൽ പങ്കെടുത്തു.





16.01.2022 ന് എ.പി.ജെ. നഗറിൽ വെച്ച് സ്റ്റുഡന്റ്സ് ഹാർമണി ക്ലബ്ബിന്റെ മീറ്റിംഗ് നടന്നു. ലിയാന ഫാത്തിമ എല്ലാവരെയും സ്വാഗതം ചെയ്തു. ജനുവരി 30 ന് നടക്കുന്ന സമാധാന ദിനാചരണ പരിപാടിയെകുറിച്ച് ചർച്ച ചെയ്തു. കലാപരിപാടികൾ അവതരിപ്പിക്കുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി. കുട്ടികൾക്ക് മാസ്ക് വിതരണം ചെയ്തു. നാജിയ എല്ലാവർക്കും നന്ദി പറഞ്ഞു.



## സമാധാന ദിനാചരണം

2022 ജനുവരി 30 ന് വയനാട് ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന നീതിവേദി പീസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സമാധാന ദിനാചരണം നടത്തുവാൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയായിരുന്നു. പീസ് കമ്മിറ്റികളുടെയും വനിതാ-യുവജന-സ്റ്റുഡന്റ്സ് ഹാർമണി ക്ലബ്ബുകളുടെയും യോഗങ്ങൾ ചേർന്ന് പ്രോഗ്രാമുകൾ സംബന്ധിച്ച് അന്തിമ രൂപം തയ്യാറാക്കി. എന്നാൽ കോവിഡ് വ്യാപനത്തെ തുടർന്ന് സർക്കാർ നിർദ്ദേശമനുസരിച്ച് ബി - കാറ്റഗറിയിലായ വയനാട് ജില്ലയിൽ ആളുകൾക്ക് ഒരുമിച്ചുകൂടാൻ അനുവാദമില്ലാത്തതിനാൽ തൽക്കാലം സമാധാന ദിനാചരണം മാറ്റിവെക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. സാഹചര്യം മെച്ചപ്പെടുന്നതനുസരിച്ച് ഏറ്റവും അടുത്ത അവസരത്തിൽ സമാധാന ദിനാചരണം നേരത്തേ പ്ലാൻ ചെയ്തതുപോലെ തന്നെ നടത്തുന്നതാണ്.

## നിയമ സഹായവും കൗൺസിലിംഗും

2021 ജനുവരി മാസത്തിൽ നീതിവേദി ഓഫീസിൽ വെച്ച് 29 പേർക്ക് കൗൺസിലിംഗ് നൽകി. നീതിവേദിയെ സമീപിച്ച 11 നിയമ പ്രശ്നങ്ങളിൽ ഇടപെടൽ നടത്തി, 19 കേസുകൾ ഒത്തുതീർപ്പാക്കി.






**NEETHI VEDHI**

സുധിക്കവെല, കാക്കവെയൽ പി. ഒ

കൽപ്പറ്റ നോർത്ത്, വയനാട് – 673122

ഫോൺ – 04936 246788, 9496197378

**neethivedhi@gmail.com**

**www.neethivedhi.org**